

മുരളീധരൻ തഴക്കര



# ഭാരതത്തെ ഭക്ഷ്യഭദ്രമാക്കിയ മഹാമനീഷിക്ക് പ്രണാമം

വിശപ്പിന്റെ വിളിയും പട്ടിണിയും പരിവട്ടവും നിറഞ്ഞുനിന്ന ഒരു രാജ്യത്തിന്റെ ഗതിവിഗതികളെയാകെ മാറ്റിമറിച്ച, കൃഷിക്കും കാർഷികഗവേഷണത്തിനുമായി ജീവിതം സമർപ്പിച്ച ഒരു മഹാമനീഷി ഓർമയായി. ഭാരതത്തെ ഭക്ഷ്യഭദ്രതയിലേക്കെത്തിച്ച ഹരിതവിപ്ലവത്തിന്റെ പിതാവ് ഡോ. എം.എസ്. സ്വാമിനാഥൻ 98-ാം വയസ്സിൽ 2023 സെപ്റ്റംബർ 28-ന് ചെന്നൈയിലാണ് അന്തരിച്ചത്. ലോകഭക്ഷ്യ കാർഷിക ഭൂപടത്തിൽ ഭാരതത്തെ അടയാള പ്പെടുത്തിയ കേരളത്തിന്റെ അഭിമാനപുത്രനായിരുന്നു കുട്ടനാട്ടുകാരനായ ഈ കൃഷിശാസ്ത്രജ്ഞൻ. ഇരുപതാം നൂറ്റാണ്ടിൽ ഏഷ്യ കണ്ട ഏറ്റവും ജനസ്വാധീനമുള്ള ഇരുപതു പേരിൽ ഒരാളായിരുന്നു ഡോ. സ്വാമിനാഥൻ. അദ്ദേഹത്തെ കൂടാതെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും മഹാകവി രവീന്ദ്രനാഥടാഗോറും മാത്രമാണ് ഇന്ത്യയിൽ നിന്നുള്ള ആ ഇരുപത് പേരിൽ ഉൾപെട്ടിരുന്നതെന്നാണ് ടൈംസ് മാഗസിൻ വിലയിരുത്തിയത്.

1943-ലെ ബംഗാൾ ക്ഷാമം ഇന്ത്യയെ സംബന്ധിച്ച് ഇന്നും ഭീതിദമായ ഓർമയാണ്. ഈ കൊടിയ ഭക്ഷ്യക്ഷാമത്താൽ 50 ലക്ഷത്തോളം പേർ മരണപ്പെട്ടതായാണ് കണക്കാക്കുന്നത്. അമേരിക്കയിൽ നിന്നും 'കെയർ' സംഭാവനയായി നൽകുന്ന ഭക്ഷ്യധാന്യങ്ങളുമായെത്തുന്ന ചരക്കുകപ്പലുകളുടെ വരവിനായി കണ്ണും നട്ടിരുന്ന ഒരു ഭൂതകാലം. ഇതാ ഇവിടെയാണ് അമേരിക്കൻ കൃഷിശാസ്ത്രജ്ഞനായ നോർമൻ ബോർലോഗിന്റെ കൂടി സഹകരണത്തോടെ ഗോതമ്പിന്റെയും അരിയുടെയും ഉത്പാദനത്തിൽ സമാനതകളില്ലാത്ത നേട്ടം കൊയ്തെടുക്കാൻ കർഷകരെ പ്രാപ്തമാക്കിയ സ്വാമിനാഥൻ ഭക്ഷ്യസുരക്ഷയിലേക്കുള്ള വഴിതുറന്നത്. ഗോതമ്പിനങ്ങളായ കല്യാൺ സോന, സൊണാലിക, സർബതി സൊനോറ എന്നിവയും നെല്ലിന്റെ കാര്യത്തിൽ 'ഐ.ആർ.എട്ടും' രാജ്യത്തിന്റെ പത്തായം നിറച്ച അത്യുത്പാദനശേഷിയാർന്ന ധാന്യക്കരുത്തായിരുന്നു.

'സ്വാമിനാഥൻ' പ്രതിഭാസമെന്ന് വിശേഷിപ്പിക്കാവുന്ന ഈ ഗവേഷണനേട്ടത്തിലൂടെ പഞ്ചാബിലെ ഗോതമ്പുപാടങ്ങളിൽ നിന്ന് നൂറുമേനി കൊയ്തെടുക്കാൻ സാധിച്ചു. പന്ത്രണ്ട് ദശലക്ഷം ടണ്ണായിരുന്ന ഗോതമ്പ് ഉല്പാദനം ഇരുപത്തിമൂന്ന് ദശലക്ഷം ടണ്ണായി വർദ്ധിപ്പിക്കാൻ ഇതിലൂടെ കഴിഞ്ഞു. 1971-ൽ ഇന്ത്യ ഭക്ഷ്യസ്വാശ്രയത്വം കൈവരിച്ചതായി സർക്കാർ പ്രഖ്യാപിച്ചു; അല്ല ലോകത്തെ വിളിച്ചറിയിച്ചു എന്ന് പറയുന്നതാണ് ശരി. ചുരുക്കത്തിൽ പട്ടിണിയിൽ നിന്ന് രാജ്യത്തെ മോചിപ്പിച്ചതിന് പിന്നിലെ ചാലകശക്തി കേരളീയനായ ഈ കുട്ടനാട്ടുകാരനായിരുന്നു എന്നതിൽ നമുക്കും അഭിമാനിക്കാം.

ആവശ്യാധിഷ്ഠിത ഗവേഷണനേട്ടങ്ങളെ ദ്രുതഗതിയിലുള്ള കാർഷികപരിവർത്തനത്തിനും മുന്നേറ്റത്തിനുമായി രാജ്യത്തെ സാധാരണകർഷകരെക്കൂടി സജ്ജരാക്കിക്കൊണ്ട് എങ്ങനെ സാധിതപ്രായമാക്കാമെന്ന് ഡോ. സ്വാമിനാഥൻ തെളിയിച്ചു. അത്യുത്പാദനശേഷിയാർന്ന വിളകൾ, ഫലപ്രദവും കാര്യക്ഷമവുമായ ജലസേചന സംവിധാനം, വിളവർദ്ധനയ്ക്കായുള്ള രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം ചുരുക്കത്തിൽ കൃഷിയിൽ ആധുനിക കാർഷിക സാങ്കേതികവിദ്യകൾ ചേരുംപടി ചേർത്ത് സമന്വയിപ്പിച്ചു എന്നതായിരുന്നു സ്വാമിനാഥന്റെ സമീപനം. ഭക്ഷ്യസുരക്ഷയ്ക്ക് ആധാരശിലയായ ഹരിതവിപ്ലവം സുസ്ഥിരകൃഷിയ്ക്കായുള്ള നിത്യഹരിതവിപ്ലവമാക്കി നിലനിർത്തേണ്ടതുണ്ടെന്ന അദ്ദേഹത്തിന്റെ വിഖ്യാതമായ ശുപാർശയും ഏറെ ശ്രദ്ധേയമാണ്.

കാർഷികപുരോഗതിക്കായി ലോകത്തെവിടെയും അദ്ദേഹത്തിന്റെ ചിന്തകളും ആശയങ്ങളും കടം കൊണ്ടപ്പോൾ തന്റെ സ്വന്തം തട്ടകമായ കുട്ടനാടിനുവേണ്ടി അദ്ദേഹം രൂപകൽപന ചെയ്ത ആശയങ്ങളും നിർദേശങ്ങളും സമ്പൂർണ ഫലപ്രാപ്തിയിലെത്തിയില്ല എന്നത് പറയാതെ വയ്യ. കുട്ടനാടിന്റെ 'വരമ്പു ഞരമ്പു'കളിലൂടെയൊക്കെ സഞ്ചരിച്ചാണ് സമയബന്ധിത നിർവ്വഹണം ലക്ഷ്യമാക്കി എം.എസ്. സ്വാമിനാഥൻ അദ്ധ്യക്ഷനായ കമ്മിറ്റി കുട്ടനാടു പാക്കേജ് സംബന്ധിച്ച റിപ്പോർട്ട് 2008-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചത്. കുട്ടനാടിന്റെ കാർഷികപുരോഗതിയും പരിസ്ഥിതി പുനഃസ്ഥാപനവും ജീവനോപാധി പരിരക്ഷയും ലക്ഷ്യമാക്കിയുള്ള 1840 കോടി രൂപ അടങ്കലുള്ള, മൂന്നുവർഷം കൊണ്ട് പൂർത്തീകരിക്കേണ്ട കുട്ടനാട് പാക്കേജ് എന്ന ബ്രഹത്തായ

റബ്ബർബോർഡ് എറണാകുളത്ത് സംഘടിപ്പിച്ച 'അന്താരാഷ്ട്ര റബ്ബർ സംഗമം' ഉദ്ഘാടനം ചെയ്തത് ഡോ. എം.എസ്. സ്വാമിനാഥനായിരുന്നു. കൊച്ചിയിൽ നടന്ന റബ്ബർസംഗമത്തിൽ ലോകത്തെ എല്ലാ റബ്ബറുത്പാദകരാജ്യങ്ങളിൽ നിന്നുമുള്ള ശാസ്ത്രജ്ഞന്മാരും കർഷകരും വ്യവസായികളും പങ്കെടുത്തിരുന്നു.



എം.എസ്. സ്വാമിനാഥനോടൊപ്പം ആർ. ഹേലിയും (ഇടത്ത്) ലേഖകനും (വലത്ത്). ആകാശവാണിക്കുവേണ്ടി കൊച്ചിയിലെ 'റബ്ബർസംഗമ' വേദിയിൽവെച്ച് ഡോ. സ്വാമിനാഥന്റെ അഭിമുഖം ശബ്ദലേഖനം ചെയ്തപ്പോൾ എടുത്ത ചിത്രം.

ഭക്ഷ്യസുരക്ഷയും കർഷകരുടെ ജീവിതസുരക്ഷയുമായി ബന്ധപ്പെട്ട അരമണിക്കൂർ ദൈർഘ്യമുള്ള അദ്ദേഹത്തിന്റെ സമഗ്രമായ ഒരു അഭിമുഖം ആകാശവാണിക്കുവേണ്ടി ശബ്ദലേഖനം ചെയ്യാൻ കൊച്ചിയിലെ റബ്ബർസംഗമവേദിയിൽവെച്ച് അവസരം ലഭിച്ചു. ആകാശവാണിയുടെ കേരളനിലയങ്ങൾ ഏറെ പ്രാധാന്യത്തോടെ ഈ അഭിമുഖം പ്രക്ഷേപണം ചെയ്യുകയുമുണ്ടായി. ഒരു പ്രക്ഷേപകൻ എന്ന നിലയിൽ എന്നും മനസ്സിൽ മായാതെ സൂക്ഷിക്കുന്ന ധന്യമായ അനുഭവമാണ് ഡോ. സ്വാമിനാഥനെന്ന മഹാമനീഷിക്കൊപ്പമിരുന്നുള്ള ഈ അഭിമുഖത്തിന്റെ ശബ്ദലേഖനം. കൃഷി എഴുത്തിന്റെ കാരണവരായിരുന്ന അദ്ദേഹത്തിന് ഏറെ പ്രിയങ്കരനായിരുന്ന ആർ. ഹേലിയായിരുന്നു ഈ അപൂർവ്വ അഭിമുഖത്തിന് അവസരമൊരുക്കിയതെന്ന കാര്യവും ഇവിടെ പ്രത്യേകം സ്മരിക്കട്ടെ.

പദ്ധതി, ലക്ഷ്യം കാണാതെ എങ്ങുമെത്താതെപോയി. കേരളം പ്രളയത്തിൽ മുങ്ങിയ നാളുകളിൽ ഈ പാക്കേജ് നടപ്പാക്കാത്തതിന്റെ പേരിൽ ഏറെ വിമർശനങ്ങൾ ഉണ്ടാകുകയും ചെയ്തു. വലിയ പ്രതീക്ഷയോടെയും ഏറെ ദിശാബോധത്തോടെയും രൂപം നൽകിയതായിരുന്നു കുട്ടനാട് പാക്കേജ്.

ഇത്രകണ്ട് ഉന്നതസ്ഥാനങ്ങളും ദേശീയ അന്തർദേശീയ അംഗീകാരങ്ങളും ബഹുമതികളും ലഭിച്ച മറ്റൊരു ഭാരതീയ പ്രതിഭ ഉണ്ടാവില്ല. ഇൻഡ്യൻ അഗ്രിക്കൾച്ചർ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ, ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ഡയറക്ടർ ജനറൽ, കേന്ദ്ര കൃഷിമന്ത്രാലയത്തിൽ പ്രിൻസിപ്പൽ സെക്രട്ടറി, പ്ലാനിങ് കമ്മീഷൻ അംഗം ആക്ടിങ് ഡെപ്യൂട്ടി ചെയർമാൻ, ഫിലിപ്പൈൻസിലെ ഇന്റർനാഷണൽ റൈസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ജനറൽ, രാജ്യത്തെ കർഷകർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ 2004-ൽ രൂപവത്കകരിച്ച സമിതിയുടെ അദ്ധ്യക്ഷൻ, 2007 മുതൽ 2013 വരെ രാജ്യസഭാംഗം എന്നിങ്ങനെ പരമോന്നതമായ എത്രയോ പദവികളിലാണ് അദ്ദേഹം സമർപ്പണമനസ്സോടെ സേവനമനുഷ്ഠിച്ചത്. കൈവന്ന കർമപഥങ്ങളിലെല്ലാം തന്റേതായ കൈയ്യൊപ്പ് പതിപ്പിച്ച കർമകുശലതയും കൈപ്പുണ്യവും ഈ കൃഷിശാസ്ത്രജ്ഞനെ വ്യത്യസ്തനാക്കുന്നു.

ലോകത്തെ പ്രശസ്തമായ അമ്പതോളം സർവ്വകലാശാലകളിൽ നിന്ന് ഹോണററി ഡോക്ടറേറ്റ് നേടിയിട്ടുള്ള ഡോ. എം.എസ്. സ്വാമിനാഥന് എണ്ണമറ്റ അംഗീകാരങ്ങളും ബഹുമതികളുമാണ് ലഭിച്ചിട്ടുള്ളത്. പത്മശ്രീ, പത്മഭൂഷൺ, പത്മവിഭൂഷൺ തുടങ്ങിയ പരമോന്നത പത്മപുരസ്ക്കാരങ്ങൾ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു. ലാൽ ബഹദൂർ ശാസ്ത്രി ദേശീയ അവാർഡ്, ഇന്ദിരാഗാന്ധി ദേശീയ അവാർഡ് തുടങ്ങിയ പുരസ്ക്കാരങ്ങൾക്കും അദ്ദേഹം അർഹനായി. 1987-ൽ പ്രഥമ ലോക ഭക്ഷ്യ പുരസ്ക്കാരത്തിന് തിരഞ്ഞെടുത്തതും ഡോ. സ്വാമിനാഥനെയായിരുന്നു. ഈ പുരസ്ക്കാരത്തുക വിനിയോഗിച്ചാണ് 1988-ൽ അദ്ദേഹം ചെന്നൈയിലെ താരാമണി ആസ്ഥാനമാക്കി എം.എസ്. സ്വാമിനാഥൻ റിസേർച്ച് ഫൗണ്ടേഷൻ സമാരംഭിച്ചത്. കൃഷി- പരിസ്ഥിതി- സാമൂഹ്യവികസന മേഖലകൾക്ക് ഊന്നൽ നൽകി ആഗോളതലത്തിൽ പ്രവർത്തിക്കുന്ന എം.എസ്.ആർ.എഫ് എന്ന ഈ 'ചതുക്ഷരി' ലോകത്തെ ഏറ്റവും ശ്രദ്ധേയമായ ഗവേഷണസ്ഥാപനങ്ങളിൽ ഒന്നാണ്. കേരളത്തിൽ വയനാട് കേന്ദ്രമാക്കി ഫൗണ്ടേഷന്റെ ഒരു സെന്റർ പ്രവർത്തിക്കുന്നുണ്ട്. ആൽബർട്ട് ഐൻസ്റ്റീൻ അന്താരാഷ്ട്ര ശാസ്ത്രപുരസ്കാരം അടക്കം എത്രയെത്ര തിളക്കമാർന്ന അന്തർദേശീയ അംഗീകാരങ്ങളാണ് ലഭിച്ചിട്ടുള്ളത്.

ഹരിതവിപ്ലവം സംഭാവന ചെയ്ത സമാനകളില്ലാത്ത നന്മയോടൊപ്പം അതിന്റെ കാണാപ്പുറങ്ങളെക്കുറിച്ചുള്ള വിമർശനങ്ങളും ഉയർന്നുവന്നിട്ടുണ്ട്. നൂറ്റാണ്ടുകളായി നിലനിന്നുപോന്ന പ്രകൃതിയോടു ചേർന്ന കൃഷിസമ്പ്രദായങ്ങളെയാകെ മാറ്റി മറിയ്ക്കുകയും രാസവളങ്ങളും രാസകീടനാശിനികളും യഥേഷ്ടം ഉപയോഗിച്ച് ഉത്പാദനവർദ്ധന എന്ന ഏകതാനമായ ലക്ഷ്യത്തെയാണ് വിമർശനങ്ങൾ വിരൽ ചൂണ്ടുന്നത്. ഭക്ഷ്യസുരക്ഷപോലെ പ്രധാനമാണ് ഭക്ഷണസുരക്ഷയും പരിസ്ഥിതിസുരക്ഷയുമെന്നതിൽ രണ്ടുപക്ഷമില്ല. പക്ഷേ സ്വാതന്ത്ര്യാനന്തരഭാരതത്തിൽ വിശപ്പിന്റെ നിലവിളി ഉയരുമ്പോൾ, പട്ടിണികിടന്ന് ജനങ്ങൾ മരിക്കാതിരിക്കാൻ മറ്റെല്ലാ ചിന്തകളേക്കാളും പ്രധാനം എല്ലാവർക്കും വിശപ്പടക്കാനുള്ള ഭക്ഷണം എന്നതായിരുന്നു. ഇതിനായി ഗോതമ്പിന്റെയും അരിയുടെയും കിഴങ്ങുവർഗങ്ങളുടെയും ഉത്പാദനം വർദ്ധിപ്പിക്കുകയേ നിർവ്വാഹമുള്ളൂ എന്ന യാഥാർത്ഥ്യം നാം മറന്നുകൂടാ. ഇതാ ഇവിടെയാണ് എല്ലാ വിമർശനങ്ങൾക്കും സൈദ്ധാന്തിക പരാമർശങ്ങൾക്കും മേലെ ഡോ. എം.എസ്. സ്വാമിനാഥനും ഹരിതവിപ്ലവവും ജനമനസ്സുകളിൽ ഇന്നും നിലനിൽക്കുന്നത്.

വിശപ്പടക്കാൻ ഭിക്ഷാപാത്രവുമായി കൈനീട്ടി യാചിക്കേണ്ടിവന്ന ഒരു രാജ്യത്തെ ഇന്നത്തെ ഭക്ഷ്യഭദ്രമായ നിലയിലെത്തിക്കാൻ വഴിയൊരുക്കിയ മഹാമനീഷിയുടെ ഓർമ്മയ്ക്കു മുന്നിൽ ആ അക്ഷരങ്ങൾ അക്ഷതങ്ങളായി സമർപ്പിക്കട്ടെ! •